# നാഷണൽ കയർ റിസർച്ച് & മാനേജ്മെൻറ് ഇൻസ്റ്റിറ്റ്യൂട്ട്

**(NCRMI)**

**തിരുവനന്തപുരം**

## <u>ദർഘാസ് പരസ്യം</u>

NCRMI/MIS./0100/2020 13.10.2020

തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്ന് വില്ലേജിൽ, സർവ്വെ നമ്പർ 208/1 ൽ എൻ.സി.ആർ.എം.ഐ യുടെ അധീനതയിലുള്ള സ്ഥലത്തിലെ 11-ാം നമ്പർ പ്ലാവുമരം 2020 ഒക്ടോബർ മാസം 30-ാം തീയതി 3.30 മണിക്ക് എൻ.സി.ആർ.എം.ഐ യുടെ ഓഫീസിൽ വച്ച് കൊട്ടേഷൻ/ലേലത്തിൻെറ അടിസ്ഥാനത്തിൽ വിൽക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

സീൽ ചെയ്ത കവറിൽ കൊട്ടേഷൻ, ഡയറക്ടർ, എൻ.സി.ആർ.എം.ഐ, തിരുവനന്തപുരം - 43 എന്ന വിലാസത്തിൽ ലേലദിവസമായ 2020 ഒക്ടോബർ 30-ാം തീയതി 3 മണിവരെ സ്വീകരിക്കുന്നതാണ്.

കൊട്ടേഷൻ സമർപ്പിക്കുന്നവരും/ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവരും 2020 ഒക്ടോബർ മാസം 30-ാം തീയതി 3 മണിക്ക് മുൻപായി നിരതദ്രവ്യമായ 2000 രൂപ അടച്ച് ലേലത്തിൽ പങ്കെടുക്കാൻ പേരുൾപ്പെടുത്തി രസീത് വാങ്ങേണ്ടതാണ്. പ്രസ്തുത ലേലം സ്ഥിരപ്പെടുത്തുന്നതിനും നിരാകരിക്കുന്നതിനും ഉള്ള പൂർണ്ണ അധികാരം ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും. നിബന്ധനകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശദവിവരങ്ങൾക്ക് എൻ.സി.ആർ.എം.ഐ യുടെ ഓഫീസുമായി ബന്ധപ്പെടുക.

Sd/-
ഡയറക്ടർ
എൻ.സി.ആർ.എം.ഐ

നിബന്ധനകൾ

1. ക്വൊട്ടേഷൻ സീൽ ചെയ്ത കവറിൽ "NCRMI കോമ്പൗണ്ടിലെ 11-ാം നമ്പർ പ്ലാവുമരം വിലക്കെടുക്കുന്നതിനുള്ള ക്വൊട്ടേഷൻ" എന്ന് രേഖപ്പെടുത്തിയിരിക്കണം. ക്വൊട്ടേഷൻ ഡയറക്ടർ, എൻ.സി.ആർ.എം.ഐ, തിരുവനന്തപുരം - 43 എന്ന വിലാസത്തിൽ ലേലദിവസമായ 2020 ഒക്ടോബർ 30-ാം തീയതി 3 മണിവരെ സ്വീകരിക്കുന്നതാണ്.

2. മുകളിൽ സൂചിപ്പിച്ച പ്രകാരം ക്വൊട്ടേഷൻ സമർപ്പിക്കുന്നവരും ലേലത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്ന മറ്റുള്ളവരും ലേലസ്ഥലത്ത് അന്നേദിവസം പകൽ 3 മണിക്ക് മുൻപ് ഹാജരായി നിരതദ്രവ്യമായ 2000 രൂപ അടച്ച് ലേലത്തിൽ പങ്കെടുക്കുവാൻ പേര് ഉൾപ്പെടുത്തി രസീത് വാങ്ങേണ്ടതാണ്. നിരതദ്രവ്യം അടക്കാത്തവരുടെ ക്വൊട്ടേഷൻ സ്വീകരിക്കുകയോ, അവരെ ലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുകയോ ഇല്ല. ലേലം ഉറപ്പിച്ചു കിട്ടുന്ന കക്ഷിയുടെയും രണ്ടാം കക്ഷിയുടെയും ഒഴികെ ബാക്കിയുള്ളവരുടെ നിരതദ്രവ്യം ഉടനെ തിരിച്ചു നൽകുന്നതാണ്.

3. യുക്തമായ ഒരു തുക മുതൽ ലേലം തുടങ്ങും, ലേലത്തിനുശേഷം ക്വൊട്ടേഷൻ തുറക്കും. ഇവയിൽ ഉയർന്ന തുകക്ക് ലേലം താത്കാലികമായി ഉറപ്പിക്കുന്നതാണ്. എന്നാൽ ഈ തുക അപര്യാപ്തമെന്ന് കണ്ടാലോ വ്യക്തമാക്കേണ്ടാത്ത മറ്റു കാരണങ്ങളാലോ ഈ നടപടികളെല്ലാം നിർത്തി വയ്ക്കുന്നതിനോ അവസാനിപ്പിക്കുന്നതിനോ ഡയറക്ടർക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

4. ലേലം താത്കാലികമായി ഉറപ്പിച്ചു കിട്ടുന്ന ആൾ അപ്പോൾ തന്നെ ലേലതുകയുടെ (വില്പനനികുതി ഉൾപ്പെടെ) മൂന്നിലൊന്ന് അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്. ബാക്കി തുക ലേലം സ്ഥിരപ്പെടുത്തിയ അറിയിപ്പ് കിട്ടി മൂന്ന് ദിവസത്തിനകം അടക്കേണ്ടതും കരാറിൽ ഏർപ്പെടേണ്ടതുമാണ്. അല്ലാത്തപക്ഷം ഈ നടപടികൾ സ്വയം റദ്ദാക്കുന്നതാണ്.

5. ലേലം/ക്വൊട്ടേഷൻ സ്ഥിരപ്പെടുത്തി കിട്ടുന്ന വ്യക്തി മരങ്ങൾ മുറിക്കുന്നതിന് മുൻപായി എൻ.സി.ആർ.എം.ഐ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. മേൽപ്രകാരം വിൽക്കപ്പെട്ട നമ്പർ ചെയ്ത വൃക്ഷങ്ങൾ വെട്ടിയോ, പിഴുതോ

മാറ്റാവുന്നതാണ്. അപ്രകാരം ചെയ്യുമ്പോൾ മറ്റുവൃക്ഷങ്ങൾക്ക് നാശനഷ്ടം വരുത്തിയാൽ അതിൻെറ മുഴുവൻ ഉത്തരവാദിത്വവും കരാറുകാരനായിരിക്കും. തൊഴിൽപരമോ തൊഴിൽ ചെയ്യുന്ന സമയത്തുണ്ടാകുന്ന അപകടം മൂലം വരുന്ന നഷ്ടപരിഹാരങ്ങൾ മുതലായ കാര്യങ്ങളിൽ എൻ.സി.ആർ.എം.ഐ യ്ക്ക് യാതൊരു ബാദ്ധ്യതയും ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല. ഇത്തരത്തിലുള്ള എല്ലാ ഉത്തരവാദിത്വവും കരാറുകാരനിൽ നിക്ഷിപ്തമായിരിക്കും.

6. ലേലം കൊണ്ട വൃക്ഷം എൻ.സി.ആർ.എം.ഐ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻെറ സാന്നിദ്ധ്യത്തിൽ മാത്രം മുറിക്കുകയോ പിഴുതുമാറ്റുകയോ ചെയ്യേണ്ടതാണ്.

7. ലേലം കൊണ്ട വൃക്ഷം ലേലം ഉറപ്പുച്ച അറിയിപ്പ് കുട്ടി അഞ്ച് (5) ദിവസത്തിനകം സ്ഥലത്തുനിന്നും നീക്കം ചെയ്യേണ്ടതാണ്. വൃക്ഷത്തിൻെറ വേര് ഉൾപ്പെടെ നീക്കം ചെയ്യേണ്ടതാണ്.

8. അസ്സിസ്റ്റൻറ് ഫോറസ്റ്റ് കൺസർവേറ്റർ (എസ്സ്. എഫ്) അനുമതി നൽകിയിട്ടുള്ള 11-ാം നമ്പർ പ്ലാവുമരം മാത്രമാണ് ലേലത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ലേലപരസ്യത്തിൽ പരാമർശിക്കുന്ന വൃക്ഷത്തിൻെറ പട്ടിക ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | ചുറ്റുവണ്ണം | എണ്ണം |
|---|---|---|---|
| 1. | പ്ലാവ് | | |
| | ശാഖ 1 | 140 സെ.മീ | 1 |
| | ശാഖ 2 | 130 സെ.മീ | 1 |
| | ശാഖ 3 | 110 സെ.മീ | 1 |

Sd/-
ഡയറക്ടർ
എൻ.സി.ആർ.എം.ഐ